നം. CEE/5500/2017/KEAM_2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2018-ലെ മെഡിക്കൽ/ആർക്കിടെക്ചർ പ്രവേശനം കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും, പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനുമുള്ള അവസരം

2018-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനത്തിനായി ഇതിനോടകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക് ആവശ്യമുള്ള പക്ഷം മെഡിക്കൽ/അനുബന്ധ കോഴ്സുകളും, ആർക്കിടെക്ചർ കോഴ്സും കൂട്ടിച്ചേർക്കുന്നതിന് അവസരം ലഭ്യമാക്കുന്നതാണ്. ഇതിനോടകം KEAM 2018-ൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്ക് മെഡിക്കൽ/ അനുബന്ധ കോഴ്സുകളോ ആർക്കിടെക്ചർ കോഴ്സോ ആവശ്യമുള്ള പക്ഷം അതിലേയ്ക്കായി പുതുതായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ സൗകര്യം ലഭ്യമാക്കുന്നതാണ്.

ഇതിനോടകം ഏതെങ്കിലും കോഴ്സിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക് മെഡിക്കൽ/അനുബന്ധ കോഴ്സുകളോ ആർക്കിടെക്ചർ കോഴ്സോ നിലവിലെ അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിനും, നിലവിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത വർക്ക് മേല്പറഞ്ഞ കോഴ്സുകൾക്കായി പുതുതായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുമുള്ള സൗകര്യം പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **07.05.2018 മുതൽ 12.05.2018 വൈകുന്നേരം 5 മണി** വരെ ലഭ്യമാക്കുന്നതാണ്. ഇത് സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**കുറിപ്പ്:**

1) മെഡിക്കൽ/അനുബന്ധ കോഴുസുകളിലെ പ്രവേശനത്തിന് അപേക്ഷകർ നാഷണൽ എലിജിബിലിറ്റി-കം-എൻട്രൻസ് ടെസ്റ്റ്-അണ്ടർ ഗ്രാജ്വേറ്റ് (NEET-UG) 2018 പരീക്ഷ എഴുതി KEAM 2018 പ്രോസ്പെക്ടസ് പ്രകാരമുള്ള നിശ്ചിത യോഗ്യത നേടിയിരിക്കണം.
2) ബി.ആർക്ക് പ്രവേശനത്തിന് അപേക്ഷകർ നാഷണൽ ആപ്റ്റിറ്റ്യൂട് ടെസ്റ്റ് ഇൻ ആർക്കിടെക്ചർ (NATA) 2018 എഴുതി തിശ്ചിത യോഗ്യത നേടിയിരിക്കണം.

Santhoshkumar

പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി

തിരുവനന്തപുരം
15.03.2018